LIBRARY ARCHIVES Kerala Legislative Assembly

വീ കെയർ പദ്ധതി

292 (1670) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ വീ കെയർ പദ്ധതി പ്രഖ്യാപിച്ചിരുന്നോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി ഫണ്ട് സ്വരൂപിക്കാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ എത്ര രൂക സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടത്; പ്രസ്തുത ഫണ്ടിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഫണ്ടു ശേഖരിച്ചു നൽകിയ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരു വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2015 ഏപ്രിൽ 1 മുതൽ 2016 ജനുവരി 31 വരെ സ്വരൂപിച്ച ഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. സഹായമർഹിക്കുന്ന കേരളത്തിലെ ആബാലവൃദ്ധം ജനങ്ങൾക്കും ഒരു കൈത്താങ്ങ് എന്ന നിലയിൽ പ്രവർത്തിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ അറിഞ്ഞ് കരുതലും സഹായവും നൽകുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് വീ കെയർ പദ്ധതി.

(ബി&സി) തീരുമാനിച്ചിരുന്നു. 100 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടത്. വീ കെയർ ഫണ്ടിലേക്ക് സംഭാവന രൂക നൽകിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) 2015 ഏപ്രിൽ 1 മുതൽ 2016 ജനുവരി 31 വരെ 8,48,88,415 രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

കേരള വനിതാ വികസന കോർപ്പറേഷൻ

293(1671) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ജനുവരി 31 വരെയുള്ള കാലയളവിൽ വനിതാ വികസനത്തിനും ക്ഷേമത്തിനുമായി കേരള വനിതാ വികസന കോർപ്പറേഷന് അനുവദിച്ച ധനസഹായം എത്രകോടി രൂപയാണ്; വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നാളിതുവരെയായി ചെലവഴിക്കാതെ, ട്രഷറിയിൽ ബാക്കി നിൽക്കുന്ന തുകയുടെ വിശദവിവരം അറിയിക്കുമോ ;

(സി) കോർപ്പറേഷൻ വഴി തൊഴിലധിഷ്ഠിത വനിതാ വ്യവസായ യൂണിറ്റുകൾക്ക് വിതരണം ചെയ്ത ധനസഹായത്തിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ജനുവരി 31 വരെയുള്ള കാലയളവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതി വിഹിതയിനത്തിൽ 27 കോടി 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) നാളിതുവരെയായി ചെലവഴിക്കാതെ ട്രഷറിയിൽ ബാക്കി നിൽക്കുന്ന തുക 97,18,159 രൂപ.

(സി) വനിതാ വികസന കോർപ്പറേഷൻ വഴി തൊഴിലധിഷ്ഠിത വനിതാ വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നില്ല.

വയോജന സംരക്ഷണ പദ്ധതി

294(T1672) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന സംരക്ഷണ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര വയോജനങ്ങൾക്ക് വേണ്ടി എത്ര തുക ഇതിനകം ചെലവഴിച്ചു; വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 80 വയസ്സിന് മുകളിൽ പ്രായമുള്ള, സംരക്ഷിക്കുവാൻ ആരും ഇല്ലാത്ത എത്ര വയോജനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വയോജന സംരക്ഷണമെന്ന പേരിൽ ഒരു പ്രത്യേക പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) 80 വയസ്സിന് മുകളിൽ പ്രായമുള്ള സംരക്ഷിക്കുവാൻ ആരുമില്ലാത്ത വയോജനങ്ങളുടെ എണ്ണം ലഭ്യമല്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly